## പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6372 11/07/2012 - ൽ മറുപടിക്ക്

### മത്സ്യഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. അജിത്: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യഗ്രാമം പദ്ധതിയുടെ വിശദാംശങ്ങളും പുരോഗതിയും വ്യക്തമാക്കാമോ; | (എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള 200 കോടി രൂപ ചെലവിൽ നടപ്പിലാക്കുന്ന മാതൃകാ മത്സ്യഗ്രാമം പദ്ധതി ഫിഷറീസ് വകുപ്പിനുവേണ്ടി തീരദേശ വികസന കോർപ്പറേഷനാണ് നടപ്പിലാക്കുന്നത്. മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ പ്രധാനമായും സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 11 പ്രദേശങ്ങളിലെ മത്സ്യഗ്രാമങ്ങളെ മാതൃകാ മത്സ്യ ഗ്രാമങ്ങളായി വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രസ്തുത പദ്ധതിയിൽ 160 കോടി രൂപ ചെലവിൽ ഭവന നിർമ്മാണം, കുടിവെള്ള വിതരണം, സാനിട്ടേഷൻ, വൈദ്യുതീകരണം, മത്സ്യമേഖല അടിസ്ഥാന സൗകര്യ വികസനം, സാമൂഹ്യ അടിസ്ഥാന സൗകര്യ വികസനം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ 10 ഫിഷറീസ് സ്ക്കൂളുകളുടെ നവീകരണത്തിനായി 40 കോടി രൂപ വിനിയോഗിക്കുന്ന |

താണ്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ, തെരഞ്ഞെടുക്കപ്പെട്ട ഓരോ മത്സ്യഗ്രാമങ്ങളിലും 2.5 ലക്ഷം രൂപ വീതം അടങ്കൽ വരുന്ന 284 ഭവനങ്ങൾ നിർമ്മിച്ചു നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി 78.10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതിക്കായി പ്രദേശങ്ങളെ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്തെന്നും ഇതിനായി കോട്ടയം ജില്ലയിൽ നിന്നും ഏതെല്ലാം പ്രദേശങ്ങളെയാണ് തിരഞ്ഞെടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ബി) പദ്ധതിക്ക് അനുയോജ്യമായ പ്രോജക്ട് സമർപ്പിച്ചതനുസരിച്ച് ഭരണാനുമതി നൽകുകയുണ്ടായി. പദ്ധതിയുടെ ഒരു ഘടകമായ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിന് ജില്ലാതല കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ കോട്ടയം ഉൾപ്പെടുന്നില്ല. |
| (സി) ഈ പദ്ധതിയുടെ ധനവിനിയോഗത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br>(ഡി) ഈ പദ്ധതിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) & (ഡി) മാതൃകാ മത്സ്യഗ്രാമം പദ്ധതിയുടെ ആദ്യഘട്ടത്തിൽ, തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഓരോ മത്സ്യഗ്രാമത്തിലും വീടൊന്നിന് 2.5 ലക്ഷം രൂപ നിരക്കിൽ 284 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു നൽകുന്നതിനു 78.10 കോടി രൂപയുടെ ഭരണാനുമതിയുണ്ട്. ഒന്നാം ഗഡുവായി 2011-12 വർഷം ബജറ്റിൽ വകയിരുത്തിയിരുന്ന 50 കോടി രൂപ ജില്ലകൾക്ക് അനുവദിച്ചു നൽകുകയുണ്ടായി. ജില്ലകളിൽ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി വരികയാണ്. മൂന്നു |

ഗഡുക്കളായി തുക വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ആദ്യ ഗഡുവായി 50,000 രൂപയും രണ്ടാമത്തെ ഗഡുവായി 1,00,000 രൂപയും മൂന്നാമത്തെ ഗഡുവായി 1,00,000 രൂപയും ബാങ്ക് മുഖേന നൽകാൻ 05/07/2012-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായി. കൂടാതെ ഒന്നാം ഗഡു ആഗസ്റ്റ് മാസത്തിൽ നൽകാനും തീരുമാനമായി. ഈ വർഷം ബജറ്റിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള 200 കോടി രൂപ ചെലവിലാണ് മാതൃകാ മത്സ്യ ഗ്രാമം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയിൽ 160 കോടി രൂപ ചെലവിൽ ഭവന നിർമ്മാണം, കുടിവെള്ള വിതരണം, സാനിട്ടേഷൻ, വൈദ്യുതീകരണം, മത്സ്യ മേഖല അടിസ്ഥാന സൗകര്യ വികസനം, സാമൂഹ്യ അടിസ്ഥാന സൗകര്യ വികസനം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ 10 ഫിഷറീസ് സ്ക്കൂളുകളുടെ നവീകരണത്തിനായി 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ